STATE INFORMATION COMMISSION, KERALA
08 SEP 2008
THIRUVANANTHAPURAM

കേരള സർക്കാർ

**പൊതുഭരണ (ഏകോപന) വകുപ്പ്**

നമ്പർ 58266/സി.ഡി.എൻ. 5/08/പൊ.ഭ.വ. തിരുവനന്തപുരം, തീയതി—2008 ആഗസ്റ്റ് 14.

## സർക്കുലർ

വിഷയം:—2005-ലെ വിവരാവകാശ നിയമം—വിവരങ്ങൾ നൽകുന്നതിൽ സമയക്ലിപ്തത പാലിക്കുന്നത് സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശ—മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:—30-10-2006-ലെ 77000/സി.ഡി.എൻ. 5/06/പൊ.ഭ.വ. II-ാം നമ്പർ സർക്കുലർ.

2005-ലെ വിവരാവകാശ നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം ഒരു പൊതു അധികാര സ്ഥാപനത്തിന്റെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ വിവരാവകാശ നിയമ പ്രകാരം ലഭിക്കുന്ന അപേക്ഷകൾ തീർപ്പു കല്പിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. ഇപ്രകാരം സമയ പരിധി പാലിക്കാത്തപക്ഷം വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ പിഴശിക്ഷാ നടപടികൾ സ്വീകരിക്കുവാനും ബന്ധപ്പെട്ട സർവ്വീസ് റൂളിലെ വ്യവസ്ഥകൾ പ്രകാരം ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ ശുപാർശ ചെയ്യുന്നതിനും പ്രസ്തുത നിയമത്തിന്റെ ചട്ടം 20 പ്രകാരം സംസ്ഥാന ഇൻഫർമേഷൻ കമ്മീഷനെ അധികാരപ്പെടുത്തിയിട്ടുണ്ട്. സൂചനയിലെ സർക്കുലർ പ്രകാരം 2005-ലെ വിവരാവകാശ നിയമമനുസരിച്ച് സമർപ്പിക്കുന്ന അപേക്ഷകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ 2008-09 വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിൽ വിവരാവകാശ നിയമ പ്രകാരമുള്ള വിവരങ്ങൾ നൽകുന്നതിൽ കാലതാമസം നേരിടുന്നതായി സമിതി ചൂണ്ടിക്കാണിക്കുകയും ഈ നിയമ പ്രകാരം ആവശ്യപ്പെടുന്ന വിവരങ്ങൾ നിർദ്ദിഷ്ട സമയത്തിനുള്ളിൽ തന്നെ ലഭ്യമാക്കുന്നതിന് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകണമെന്ന് ശുപാർശ ചെയ്യുകയും ചെയ്തു.

ഈ സാഹചര്യത്തിൽ വിവരാവകാശ നിയമം 2005-ൽ നിഷ്കർഷിച്ചിരിക്കുന്നതും സർക്കാർ മാർഗ്ഗനിർദ്ദേശംവഴി പുറപ്പെടുവിച്ചിരിക്കുന്നതുമായ സമയ ക്ലിപ്തത ഉറപ്പു വരുത്തേണ്ടതാണെന്ന് ബന്ധപ്പെട്ട എല്ലാവരെയും ഓർമ്മിപ്പിക്കുന്നതോടൊപ്പം ആയത് കർശനമായി പാലിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു. വിവരാവകാശ

(മറുപുറം)

GCPT. 3/3201/2008/T.P.

നിയമ പ്രകാരം ലഭിക്കുന്ന അപേക്ഷകൾക്ക് പ്രസ്തുത നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം നിർദ്ദിഷ്ട സമയത്തിനുള്ളിൽത്തന്നെ മറുപടി നൽകേണ്ടതാണെന്നും ഇത് സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും മറ്റും കർശനമായി പാലിക്കേണ്ടതാണെന്നും ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നത് സർക്കാർ ഗൗരവമായി വീക്ഷിക്കുന്നതാണെന്നും വീഴ്ച വരുത്തുന്നവർക്കെതിരെ അച്ചടക്ക നടപടിയെടുക്കുന്നതാണെന്നും ഇതിനാൽ വ്യക്തമാക്കുന്നു.

**ഡോ. പി. പ്രഭാകരൻ,**
അഡീഷണൽ ചീഫ് സെക്രട്ടറി.

എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും
എല്ലാ വകുപ്പ് മേധാവികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
സെക്രട്ടറി, വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം
എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും
എല്ലാ സ്വയംഭരണ സ്ഥാപനങ്ങൾക്കും
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും (സെക്ഷനുകൾക്കും)
സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
ബഹു. ഗവർണ്ണറുടെ സെക്രട്ടറി, രാജ്ഭവൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള/കൊച്ചി, കാലിക്കറ്റ്/മഹാത്മാഗാന്ധി, കണ്ണൂർ യൂണിവേഴ്സിറ്റി (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി, ആലുവ (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന റോഡ് ഗതാഗത കോർപ്പറേഷൻ, തിരുവനന്തപുരം.

പകർപ്പ്:

മുഖ്യമന്ത്രിയുടെ സെക്രട്ടറിക്ക്
മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടെ ഡെപ്യൂട്ടി സെക്രട്ടറിക്ക്
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്
സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിക്ക്.